# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4130 24.10.2016 – ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എൻ.ഷംസീർ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. ബി.സത്യൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. പിണറായി വിജയൻ<br>ബഹു. മുഖ്യമന്ത്രി |

**ജപ്തിഭീഷണി നേരിടുന്നവർക്കായി പ്രഖ്യാപിച്ച കടാശ്വാസ പദ്ധതി**

| | | |
|---|---|---|
| എ | ജപ്തി ഭീഷണി നേരിടുന്നവർക്കായി പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20.08.2016ലെ സ.ഉ.(പി)നം,118/2016/ധന പ്രകാരം ഒറ്റത്തവണ കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി | ഏതൊക്കെ വിഭാഗത്തിൽ പ്പെട്ടവർക്കാണ് പദ്ധതിയുടെ ആനുകൂല്യംലഭ്യമാകുന്നതെന്നും ഇത്തരത്തിൽ എത്ര പേർ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നതെന്നും അറിയിക്കാമോ; | അഞ്ചുലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിന്പുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുന:ക്രമീകരിച്ചും നൽകുന്നതാണ്.<br><br>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക-ജാതി, പട്ടിക-വർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്. പതിനായിരത്തോളം കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു. |
| സി | ഈ പദ്ധതിയ്ക്കായി നീക്കിവെച്ചിരിക്കുന്ന തുകയെത്രയെന്ന് അറിയിക്കാമോ; | ഉത്തരവ് തീയതിക്ക് ശേഷം രണ്ട് മാസത്തെ കാലയളവ് നിശ്ചയിച്ചാണ് പദ്ധതിയാനുകൂല്യം ലഭ്യമാക്കുന്നത് എന്നതിനാൽ അക്കാലയളവിന് ശേഷമാണ് ഇത് |

| | | |
|---|---|---|
| | | സംബന്ധിച്ച് കണക്കുകൾ ലഭ്യമാകുന്നതെന്നതിനാൽ അതിന്റെയടിസ്ഥാനത്തിൽ ആവശ്യമുള്ള തുകയാണ് നീക്കിവയ്ക്കുന്നത്. എന്നിരുന്നാലും പദ്ധതി നടത്തിപ്പിനായി 40 കോടിയോളം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| ഡി | പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ചെയ്യേണ്ടതെന്തൊക്കെയാണ്; വ്യക്തമാക്കാമോ? | പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി പദ്ധതിമാർഗ്ഗരേഖയ്ക്ക് വിധേയമായി ഗുണഭോക്താവ് വായ്പാസ്ഥാപനത്തിൽ അപേക്ഷ മാത്രം നൽകിയാൽ മതിയാകും; വായ്പാസ്ഥാപനം മറ്റ് സർട്ടിഫിക്കറ്റുകളൊന്നും ആവശ്യപ്പെടുന്നതല്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്